ഉത്തരം

(എ) പത്തൊമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് (19321) വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(ബി) 14043 വീടുകൾ അനുവദിച്ചതിൽ 4118 വീടുകൾ പൂർത്തീകരിക്കാനുണ്ട്. വീട് പണി പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് ഗുണഭോക്താക്കൾ നൽകാത്തതിനാലാണ് ഗഡുക്കൾ വിതരണം നടത്തി വീടുകൾ പൂർത്തീകരിക്കാൻ താമസം നേരിടുന്നത്.

(സി) അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ഏറ്റവും വേഗത്തിൽ തീർക്കുവാൻ ഹൗസിംഗ് ബോർഡിനു നിർദ്ദേശം നൽകുന്നുണ്ട്.

പ്രത്യേക ഘടക പദ്ധതി

156 [932] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ഘടക പദ്ധതി പ്രകാരം കോർപ്പസ് ഫണ്ട് പരിശീലനം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ശുദ്ധജലവിതരണം, വൈദ്യുതി, ആരോഗ്യപരിപാലനം, എന്നീ മേഖലകളിൽ 2002-03, 2003-04, 2004-05 വർഷങ്ങളിൽ ഓരോ പദ്ധതികൾക്കുമായി എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രോജക്ടുകൾക്കും അംഗീകാരം കൊടുക്കുന്നത് ആരാണ് എന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഏതെല്ലാം സന്നദ്ധ സംഘടനകൾ സമർപ്പിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ പദ്ധതികൾക്കുമായി എന്തു തുക വീതം അനുവദിച്ചിട്ടുണ്ട് ;

(ഇ) ഏതെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ സന്നദ്ധ സംഘടനകളോ വ്യക്തികളോ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം സംഘടനകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിദ്യാഭ്യാസം, പരിശീലനം എന്നിവയ്ക്കും, ഭവനനിർമ്മാണം, ശുദ്ധജലം, വൈദ്യുതി, ആരോഗ്യ പരിപാലനം തുടങ്ങിയ അത്യാവശ്യ മേഖലകളിലും, സാമ്പത്തിക വികസന മേഖലകളിലും മുൻഗണന നൽകി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന ഒരു കോടി രൂപവരെയുള്ള പ്രോജക്റ്റുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്നു. ഒരു കോടി രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പ്രോജക്റ്റുകൾക്ക് ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ പരിശോധനയ്ക്കുശേഷം സർക്കാർ നേരിട്ട് അംഗീകാരം നൽകുന്നു.

(സി) വിശദവിവരം അനുബന്ധം 'എ' യിൽ ചേർത്തിരിക്കുന്നു. †

(ഡി) വിശദവിവരം അനുബന്ധം 'ബി' യിൽ ചേർത്തിരിക്കുന്നു. †

(ഇ) ഉണ്ട്.

(എഫ്) തിരുവനന്തപുരത്തുള്ള കലാബോധിനി ഡോ: ബി. ആർ. അംബേദ്കർ കൾച്ചറൽ സെന്ററിന് 40000 രൂപയും കൊടുമണിലുള്ള (പത്തനംതിട്ട) ആദിവാസി റൂറൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് 12,90,600 രൂപയും അനുവദിച്ചിട്ടുണ്ട്.

പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

157 [933] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാൻ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പരിപാടികളെ സംബന്ധിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എല്ലാ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം ലഭിക്കാത്തതും ഫണ്ടിന്റെ അപര്യാപ്തതയുമാണ് ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമുണ്ടാക്കുന്നത്. അപേക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) വാർഷിക ലംപ്സംഗ്രാന്റും ആദ്യത്തെ നാല് മാസത്തെ സ്റ്റൈപ്പന്റും വർഷാരംഭത്തിൽ തന്നെ മുൻകൂറായി നൽകുവാൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly